
പാറമേക്കാവ് ദേവസ്വം, തൃശ്ശൂർ
PARAMEKKAVU
UTSAVAM 2025
പാറമേക്കാവ്
2025
ഉത്സവം
(1200 കുംഭം 22 മുതൽ 29 വരെ)
2025 മാർച്ച് 06 കൊടിയേറ്റം | 2025 മാർച്ച് 11 ഉത്സവ ബലി
2025 മാർച്ച് 12 പള്ളിവേട്ട | 2025 മാർച്ച് 13 ആറാട്ട്

തൃശ്ശിവപേരൂർ
10 - 02 - 2025

പ്രിയ ഭക്തജനങ്ങളെ,

ആചാരങ്ങൾക്കും അനുഷ്ഠാനങ്ങൾക്കും പ്രാധാന്യം നൽകിക്കൊണ്ടും, താന്ത്രിക ചടങ്ങുകൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടും ഭക്ത്യാദരപൂർവ്വം കൊണ്ടാടുന്നതാണ് പാറമേക്കാവ് ഉത്സവം.ചൈതന്യ വർദ്ധനവിനായി ദിനം തോറും നടത്തി വരുന്ന നിത്യ പൂജകൾക്കിടെ അറിയാതെ സംഭവിച്ച് പോകുന്ന ചൈതന്യ ലോപം നികത്തുന്നതിനായി തന്ത്രിവര്യന്മാരുടെ മഹനീയ നേതൃത്വത്തിൽ പ്രത്യേക പൂജകളും ചടങ്ങുകളും നടത്തി വരുന്നു. 2025 മാർച്ച് 5 ന് ആചരിക്കുന്ന പ്രാസാദശുദ്ധിയും, 2025 മാർച്ച് 6 ന് ദീപാരാധനക്കു ശേഷം കൊടിയേറ്റം മുതൽ 13 ന് കുംഭമാസത്തിലെ പൂരം നക്ഷത്രം സന്ധ്യക്ക് വരുന്ന ദിവസം ആറാട്ടോടുകൂടിയുള്ള ഉത്സവാഘോഷച്ചടങ്ങുകളുമാണ് നടക്കുന്നത്. പ്രസ്തുത ചടങ്ങിൽ പ്രശസ്ത കലാകാരന്മാരെ ഉൾപ്പെടുത്തി ചെമ്പട,ചെമ്പ, അടന്ത, അഞ്ചടന്ത,ധ്രുവം,പഞ്ചാരി, പാണ്ടി, പഞ്ചവാദ്യം എന്നീ മേളവാദ്യ ഘോഷങ്ങളും ശീവേലി,ശ്രീഭൂതബലി, വിളക്കാചാരം,ഡബ്ബിൾ കേളി, കൊമ്പുപറ്റ്, കുഴൽപറ്റ്, നാദസ്വരം, തായമ്പക, ഉത്സബലി, പള്ളിവേട്ട, ആറാട്ട് തുടങ്ങിയ ആചാരാനുഷ്ഠാനങ്ങളും ഉൾപ്പെടുന്നു. ഒരേ ദേവതക്ക് വേലയും,പൂരവും, ഉത്സവവും ആചരിക്കുന്ന ഏക ഭഗവതിക്ഷേത്രമാണ് പാറമേക്കാവ്. ഭഗവതിയുടെ ദേശക്കാരുടെ മുഴുവൻ ശ്രേയസ്സിനും,ക്ഷേമത്തിനും ഐശ്വര്യത്തിനുമായി നിലകൊള്ളുന്ന പാറമേക്കാവിലമ്മയുടെ മഹോത്സവം വിജയപ്രദമാക്കുവാനും ഭഗവതിയുടെ അനുഗ്രഹാശിസ്സുകൾക്ക് പാത്രിഭൂതരാകുവാനും എല്ലാം ഭക്തജനങ്ങളോടും ഭക്ത്യാദരപൂർവ്വം അഭ്യർത്ഥിച്ചു കൊള്ളുന്നു.

ഭഗവത് സേവയിൽ,

പാറമേക്കാവ് ദേവസ്വത്തിനുവേണ്ടി

**ഡോ. എം. ബാലഗോപാൽ**
പ്രസിഡന്റ്

**ജി. രാജേഷ്**
സെക്രട്ടറി



# ഉത്സവം വഴിപാടുകൾ

1. ശീവേലി (ഉഷഃപൂജ) .............. 2,500
2. ഒരു ദിവസത്തെ പൂജ .............. 10,000
3. ശ്രീഭൂതബലി .............. 5,000
4. നിറമാല .............. 10,000
5. സമ്പൂർണ്ണ വിളക്ക് തെളിയിക്കൽ .............. 15,000
6. വിളക്കാചാരം .............. 5,000
7. കൊമ്പ് പറ്റ് .............. 1,000
8. കുഴൽ പറ്റ് .............. 1,000
9. കേളി .............. 2,000
10. മേളപ്രദക്ഷിണം .............. 10,000
11. ഇടയ്ക്ക പ്രദക്ഷിണം .............. 5,000
12. നാദസ്വരം .............. 3,000
13. അഹസ്സ് .............. 25,000
14. അഹസ്സ് വഴിപാട് .............. 2,500
15. ഉത്സവബലി .............. 50,000
16. ഒരു ദിവസത്തെ മേളം .............. 50,000
17. ഒരു നേരത്തെ മേളം .............. 20,000
18. പള്ളിക്കുറുപ്പ് ചമയങ്ങൾ .............. 2,000
19. കോലത്തിന്മേൽ മാല .............. 2,000
20. കൊടിക്കയറും കൊടിക്കൂറയും .............. 20,000
21. അന്നദാനത്തിന് ഒരു ചാക്ക് അരി .............. 3,000
22. തിരുവുടയാട .............. 1,000
23. ഓണപ്പുടവ .............. 10,000
24. സോപാനത്തിൽ അഷ്ടപദി .............. 3,000
25. കലശക്കുടം (ഒന്ന്) .............. 1001.00
26. കൂട്ടാനകൾ (ഒരാനക്ക്) .............. 5,000
27. തിടമ്പ് എഴുന്നള്ളിക്കുന്ന ആന .............. 10,000
28. ആനയൂട്ട് .............. 3,000
29. പുഷ്പാലങ്കാരം .............. 20,000
30. ഊട്ടുപുര ഒരു നേരത്തെ ഭക്ഷണം .............. 10,000
31. ദക്ഷിണ .............. 10,000

## കലവറ നിറക്കൽ

**മാർച്ച് 11ന് നടക്കുന്ന ഭഗവതിയുടെ ഉത്സവബലിയോടനുബന്ധിച്ചുള്ള പ്രസാദ ഊട്ടിന് ഭക്തജനങ്ങളിൽ നിന്നും വഴിപാടായി പലവ്യഞ്ജനങ്ങൾ സ്വീകരിക്കുന്നു.**

| | | |
|---|---|---|
| അരി | 5 കിലോ | 250 രൂപ |
| അരി | 10 കിലോ | 500 രൂപ |
| എണ്ണ | 1/2 ടിൻ | 1250 രൂപ |
| എണ്ണ | 1 ടിൻ | 2500 രൂപ |
| പഞ്ചസാര | 5 കിലോ | 200 രൂപ |
| പഞ്ചസാര | 10 കിലോ | 400 രൂപ |
| വെളിച്ചെണ്ണ | 1 ലിറ്റർ | 200 രൂപ |
| വെളിച്ചെണ്ണ | 1 ടിൻ | 3000 രൂപ |
| ശർക്കര | 5 കിലോ | 300 രൂപ |
| ശർക്കര | 10 കിലോ | 600 രൂപ |
| നാളികേരം | 5 എണ്ണം | 150 രൂപ |



# പാറമേക്കാവ് ക്ഷേത്രത്തിലെ അങ്കുരാദി ഉത്സവച്ചടങ്ങുകൾ

**2025 മാർച്ച് 6 മുതൽ 13 വരെ (1200 കുംഭം 22 മുതൽ 29 വരെ)**



## കാര്യപരിപാടികൾ

### അഷ്ടപദി

**ശ്രീ. അമ്പലപ്പുഴ വിജയകുമാർ**

**(എല്ലാ ദിവസവും പൂജാ സമയങ്ങളിൽ)**

**2025 മാർച്ച് 6 (1200 കുംഭം 22) വ്യാഴം**

### കൊടിയേറ്റം

*പുലർച്ചെ 4 ന്*

നടതുറക്കൽ, ശേഷം ബിംബശുദ്ധി, അഭിഷേകം, മലർനിവേദ്യം, ഉഷഃപൂജ, ശീവേലി, ചതുശ്ശുദ്ധി, ധാര, പഞ്ചഗവ്യം, പഞ്ചകം, 25 കലശം ആടി ഉച്ചപൂജ ആയതിനുശേഷം അവസ്രാവം തളിച്ച് ശ്രീഭൂതബലി.

*വൈകീട്ട്*



ദീപാരാധനക്കുശേഷം ആചാര്യവരണം, മുളയിട്ട് കൊടിക്കൂറ പൂജിച്ചു കൊണ്ട് വന്ന് ക്ഷേത്രം തന്ത്രിയാൽ കൊടിയേറ്റം നടത്തി ദിക്ധ്വജങ്ങൾ സ്ഥാപിച്ച്, അടിയന്തിര കേളി. അത്താഴ പൂജക്കുശേഷം ശ്രീഭൂതബലിക്ക് തിടമ്പ് എഴുന്നള്ളിച്ച് കൊടിപ്പുറത്തു വിളക്കിനെ തുടർന്ന് **ശ്രീ. പാറമേക്കാവ് രാജപ്പൻമാരാർ** നയിക്കുന്ന

**പഞ്ചാരിമേളം**





## 2025 മാർച്ച് 7 (1200 കുംഭം 23) വെള്ളി

*പുലർച്ചെ 4 ന്* നടതുറക്കൽ, മുളപൂജ, ഉഷഃപൂജ, ശീവേലി.

*രാവിലെ 8 ന്* **ചെമ്പടമേളം**

**ശ്രീ. പെരുവനം ശങ്കരനാരായണൻ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.

*ഉച്ച തിരിഞ്ഞ് 4 ന്*

കാഴ്ചശീവേലി – **ശ്രീ. പാറമേക്കാവ് അനീഷ് നമ്പൂതിരി**

*വൈകീട്ട്*

വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ വിസ്തരിച്ചു ഡബ്ബിൾ കേളിയും അടിയന്തിരമായി കൊമ്പുപറ്റും, കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് **മേളത്തോടു കൂടിയ** പ്രദക്ഷിണം. തുടർന്ന് ഏകതാള പ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിക്കു ശേഷം സകലവാദ്യത്തോടു കൂടിയ ഇടയ്ക്ക പ്രദക്ഷിണം, വലം തലയോടു കൂടിയ നാദസ്വര പ്രദക്ഷിണം.

*രാത്രി 8.15ന്* **ഡബ്ബിൾ കേളി**

| | | |
|---|---|---|
| **ചെണ്ട** | : | **ശ്രീ. മൂർക്കനാട് ദിനേശൻ**<br>**ശ്രീ. കലാനിലയം രതീഷ്** |
| **മദ്ദളം** | : | **ശ്രീ. കലാനിലയം ഉണ്ണികൃഷ്ണൻ**<br>**ശ്രീ. കലാനിലയം ശ്രീജിത്ത്** |
| **ഇലത്താളം** | : | **ശ്രീ. ചാലക്കുടി അരുൺ** |

## 2025 മാർച്ച് 8 (1200 കുംഭം 24) ശനി

*രാവിലെ 4 ന്*

നടതുറക്കൽ, മുളപൂജ, ഉഷഃപൂജ, ശീവേലി

*രാവിലെ 8 ന്*

**ചെമ്പമേളം – ശ്രീ. വെള്ളിതുരുത്തി ഉണ്ണിനായർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.

*ഉച്ചതിരിഞ്ഞ് 4ന്*

കാഴ്ചശീവേലി – **ശ്രീ. കോടന്നൂർ ഹരിനാരായണൻ**

*വൈകീട്ട്*

ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ അടിയന്തിര കേളിയും വിസ്തരിച്ച കൊമ്പുപറ്റും അടിയന്തിര കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് **മേളത്തോടുകൂടി** പ്രദക്ഷിണം തുടർന്ന് ഏകതാള പ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിക്കുശേഷം സകലവാദ്യത്തോടു കൂടിയ ഇടയ്ക്ക പ്രദക്ഷിണം, വലംതലയോടുകൂടിയ നാദസ്വര പ്രദക്ഷിണം.

*രാത്രി 8.15ന്* **കൊമ്പുപറ്റ്** **ശ്രീ. മച്ചാട് മണികണ്ഠൻ മുതൽപേർ**

**2025 മാർച്ച് 9 (1200 കുംഭം 25) ഞായർ**

*രാവിലെ 4 ന്* നടതുറക്കൽ, മുളപൂജ, ഉഷഃപൂജ, ശീവേലി

*രാവിലെ 8 ന്*

**അടന്തമേളം – ശ്രീ. പഴുവിൽ രഘു മാരാർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി

*ഉച്ചതിരിഞ്ഞ് 4 ന്* കാഴ്ചശീവേലി - **ശ്രീ. പാലക്കൽ അനിൽകുമാർ**

*വൈകീട്ട്*

ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ്. തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ അടിയന്തിര കേളിയും അടിയന്തിര കൊമ്പുപറ്റും വിസ്തരിച്ച കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് **മേളത്തോടു കൂടി** പ്രദക്ഷിണം. തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിക്കു ശേഷം സകലവാദ്യത്തോടുകൂടിയ ഇടയ്ക്ക പ്രദക്ഷിണം, വലംതലയോടുകൂടിയ നാദസ്വര പ്രദക്ഷിണം.

*രാത്രി 8.15ന്* **കുഴൽപറ്റ്**

| | | |
|---|---|---|
| **കുറുംകുഴൽ** | : | **ശ്രീ പനമണ്ണ മനോഹരൻ,** |
| | | **ശ്രീ പനമണ്ണ മഹേഷ്** |
| **ചെണ്ട** | : | **ശ്രീ കലാമണ്ഡലം രഘുചന്ദ്രൻ, വെള്ളിനേഴി** |
| **ഇടയ്ക്ക** | : | **ശ്രീ. തിരുവമ്പാടി വിനോദ്,** |
| | | **ശ്രീ. പെരുവനം വിനു പരമേശ്വരൻ** |

**2025 മാർച്ച് 10 (1200 കുംഭം 26) തിങ്കൾ** **അഞ്ചാം വിളക്ക്**

*രാവിലെ 4 ന്* നടതുറക്കൽ, മുളപൂജ, ഉഷഃപൂജ, ശീവേലി

*രാവിലെ 8 ന്*

**അഞ്ചടന്തമേളം – ശ്രീ. ചൊവ്വല്ലൂർ മോഹന വാര്യർ**


നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.

*ഉച്ചതിരിഞ്ഞ് 4 ന്*

കാഴ്ചശീവേലി – **ശ്രീ. ഊച്ചരത്ത് ശശീന്ദ്രൻ മാരാർ**

*വൈകീട്ട്*

ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടെ കൊട്ടി പുറപ്പെട്ട് വിളക്കാചാരം കൊട്ടി വെച്ച് കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെച്ചാൽ അടിയന്തിര കേളിയും അടിയന്തിര കൊമ്പുപറ്റും അടിയന്തിര കുഴൽപറ്റും കഴിഞ്ഞാൽ ആനപ്പുറത്തേക്ക് എഴുന്നള്ളിച്ച് **മേള പ്രദക്ഷിണം**. തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദി, വിശേഷാൽ ഇടയ്ക്ക പ്രദക്ഷിണം, സകലവാദ്യ പ്രദക്ഷിണം.





*രാത്രി 9.30ന്*

**സ്പെഷ്യൽ നാദസ്വരം, ഇടയ്ക്ക പ്രദക്ഷിണം**

**നാദസ്വരം** : സർവ്വശ്രീ ഗുരുവായൂർ മുരളി,
വടശ്ശേരി ശിവദാസൻ,
കൊല്ലങ്കോട് ആർ. സുബ്രഹ്മണ്യൻ

**ഇടയ്ക്ക** : സർവ്വശ്രീ തിരുവമ്പാടി വിനോദ്,
തൃപ്രയാർ മഹേഷ്
ഊരകം ഉണ്ണിമാരാർ
പെരുവനം വിനു പരമേശ്വരൻ

**2025 മാർച്ച് 11 (1200 കുംഭം 27) ചൊവ്വ**

# ഉത്സവബലി

*രാവിലെ 4 ന്*

നടതുറക്കൽ, മുളപൂജ, ഉഷഃപൂജ, ശീവേലി

*രാവിലെ 8 ന്*

**ധ്രുവ മേളം – ശ്രീ. പരിയാരത്ത് രാജൻ മാരാർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ,

**ഉത്സവബലി** (മാതൃക്കൽ ദർശനം പ്രധാനം)

*ഉച്ച തിരിഞ്ഞ് 4 ന്*

കാഴ്ചശീവേലി – **ശ്രീ. ശങ്കരംകുളങ്ങര രാധാകൃഷ്ണൻ**

*വൈകീട്ട്*

ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി കഴിഞ്ഞ് വിളക്കെഴുന്നള്ളിപ്പ് തൃപുടതാളത്തിൽ സകലവാദ്യത്തോടു കൂടി കൊട്ടി പുറപ്പെട്ട് വിളക്കാചാരത്തോടു കൂടി കൊടിമരത്തിന്റെ മുമ്പിൽ പഴുക്കാമണ്ഡപത്തിൽ എഴുന്നള്ളിച്ചു വെയ്ക്കുന്നു.

*രാത്രി 8.15ന്*

**തായമ്പക ശ്രീ മണ്ണാർക്കാട് ഹരിദാസ്**

അടിയന്തിര കേളി, അടിയന്തിര കൊമ്പുപറ്റ്, അടിയന്തിര കുഴൽപറ്റ് കഴിഞ്ഞാൽ ആനപ്പുറത്ത് എഴുന്നള്ളിപ്പ്. **മേള പ്രദക്ഷിണം**. തുടർന്ന് ഏകതാളപ്രദക്ഷിണം, ഒരു കീർത്തനം അഷ്ടപദിയോടുകൂടിയ സകലവാദ്യ പ്രദക്ഷിണം, വലംതലയോടുകൂടിയ നാദസ്വര പ്രദക്ഷിണം.





**2025 മാർച്ച് 12 (1200 കുംഭം 28) ബുധൻ**

## പള്ളിവേട്ട

*രാവിലെ 4 ന്*

നടതുറക്കൽ, മുളപൂജ, ഉഷഃപൂജ, ശീവേലി

*രാവിലെ 8 ന്*

## പത്ത് നാഴിക പഞ്ചാരി മേളം

**ശ്രീ. കിഴക്കൂട്ട് അനിയൻ മാരാർ**

നവകം, പഞ്ചഗവ്യം, ഉച്ചപൂജ, ശ്രീഭൂതബലി.


*ഉച്ചതിരിഞ്ഞ് 4 ന്*

കാഴ്ചശീവേലി - **ശ്രീ.പാറമേക്കാവ് അഭിഷേക്**
ദീപാരാധന, മുളപൂജ, അത്താഴപൂജ, ശ്രീഭൂതബലി, ഗ്രാമബലി, പള്ളിവേട്ടക്ക് എഴുന്നള്ളിപ്പ്. വടക്കുന്നാഥക്ഷേത്രത്തിലെ കിഴക്കെ ഗോപുരത്തിനരികിലായി ക്ഷേത്രമതിൽക്കെട്ടിനു പുറത്ത് നിൽക്കുന്ന പേരാൽ ചുവട്ടിൽ പള്ളിവേട്ടക്കുശേഷം ഘോഷത്തോടു കൂടി **പാണ്ടിമേളത്തിന്റെ അകമ്പടിയാൽ ഏഴാനപ്പുറത്ത് തിരിച്ചെഴുന്നള്ളത്ത്**, ശേഷം തൃപുട കൊട്ടി അകത്ത് പ്രവേശിച്ച് ഏഴുപ്രദക്ഷിണത്തിനു ശേഷം പള്ളിക്കുറുപ്പ്.

*രാത്രി 8.30ന്*

## പാണ്ടിമേളം


**ശ്രീ പെരുവനം സതീശൻ മാരാർ**




വീക്കം
ശ്രീ പെരുവനം
ഗോപാലകൃഷ്ണൻ



കുഴൽ
ശ്രീ കീഴൂട്ട് നന്ദൻ



ഇലത്താളം
ശ്രീ ചേർപ്പ് നന്ദനൻ



കൊമ്പ്
ശ്രീ മച്ചാട് രാമചന്ദ്രൻ













**2025 മാർച്ച് 13 (1200 കുംഭം 29) വ്യാഴം** **ആറാട്ട്**

രാവിലെ 6 ന്

നടതുറക്കൽ ശേഷം പള്ളിയുണർത്തൽ, ഉഷഃപൂജ, ശീവേലി

ശേഷം

## പഞ്ചാരിമേളം

**ശ്രീ. പാറമേക്കാവ് രാജപ്പൻ മാരാർ**

തുടർന്ന്

നവകം, പഞ്ചഗവ്യം, ഉച്ചപൂജ.

ഉച്ചതിരിഞ്ഞ് 4 ന് ആറാട്ടുബലി കഴിച്ച് ആറാട്ടെഴുന്നള്ളത്ത്, വീഥി നിശ്ചയിച്ച് **വടക്കുന്നാഥക്ഷേത്രത്തിലെ ചന്ദ്രപുഷ്ക്കരണി തീർത്ഥക്കുളത്തിൽ ആറാട്ട്**, കടവിൽ ദീപാരാധന കഴിച്ച് സർവ്വാഭരണവിഭൂഷിതയായി ആഢ്യത്വത്തോടുകൂടി **ഏഴാനപ്പുറത്ത് പഞ്ചവാദ്യത്തിന്റെ അകമ്പടിയോടെ തിരിച്ചെഴുന്നള്ളത്ത്**, ക്ഷേത്രഗോപുര നടയിൽ എത്തിയാൽ **പാണ്ടിമേളം** കൊട്ടിക്കലാശിച്ച് തൃപുട കൊട്ടി അകത്തു പ്രവേശിച്ച് ഒൻപത് ക്ഷേത്ര പ്രദക്ഷിണം ചെയ്ത് കൊടിമരച്ചുവട്ടിലെത്തി ഭഗവതിയുടെ സാന്നിധ്യത്തിൽ കൊടിയിറക്കി ശ്രീലകത്തു ചെന്ന് ഇരുപത്തിയഞ്ചു കലശം, അത്താഴപൂജക്കു ശേഷം ശ്രീഭൂതബലി കഴിച്ച് ഉത്സവം സമാപിക്കുന്നു.

രാത്രി 7.30ന് **പഞ്ചവാദ്യം**

**സർവ്വശ്രീ : ചോറ്റാനിക്കര നന്ദപ്പൻ (തിമില), കലാമണ്ഡലം കുട്ടിനാരായണൻ (മദ്ദളം), മച്ചാട് രാമചന്ദ്രൻ (കൊമ്പ് ), പരയ്ക്കാട് ബാബു (താളം), തിരുവില്വാമല ജയൻ (ഇടയ്ക്ക) മുതൽപേർ**

**തുടർന്ന് ക്ഷേത്രഗോപുരനടയിൽ അടിയന്തിരക്കാരുടെ നേതൃത്വത്തിൽ പാണ്ടിമേളം**



**മദ്ദളം**
**ശ്രീ കലാമണ്ഡലം കുട്ടിനാരായണൻ**

**കൊമ്പ്**
**ശ്രീ മച്ചാട് രാമചന്ദ്രൻ**

**ഇലത്താളം**
**ശ്രീ പരയ്ക്കാട് ബാബു**

**ഇടയ്ക്ക**
**ശ്രീ തിരുവില്വാമല ജയൻ**

